1,500-2,000 രൂപ വിലയുള്ള ഷർട്ടാണ് കേരളത്തിലെ ഇടത്തരം ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള വളരെ പ്രധാനപ്പെട്ട ഇനങ്ങളായ ചില ഷർട്ടുകൾ ഉൽപ്പാദിപ്പിക്കാൻ ഗാർമെന്റിന്റെ ഭാഗമായി ഇപ്പോൾ കൈത്തറി മേഖലയ്ക്ക് സാധിക്കും. അതിന് പ്രചാരണം കൊടുത്ത് ആഭ്യന്തര വിപണി കണ്ടെത്താനുള്ള നിലപാട് സ്വീകരിക്കുമോ? കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. പ്രത്യേകിച്ച് 1993 മുതൽ റിബേറ്റും എഫ്.ഡി.ഐ.യും ഒക്കെ കൂടിശ്ലികയായിരുന്നു. അതെല്ലാം കൊടുത്തു. ഇപ്പോൾ 60 കോടി രൂപ കൈത്തറി മേഖലയ്ക്കു കൊടുത്തു കഴിഞ്ഞു. എന്നുമാത്രമല്ല അതിന്റെ നവീകരണത്തിനുവേണ്ടി സ്വിറ്റ്സർലണ്ടിലെ ആംസ്റ്റർഡാം യൂണിവേഴ്സിറ്റിയുമായി ഒരു കരാർ ഉണ്ടാക്കി കമ്പ്യൂട്ടർ ഡിസൈനിംഗിനുള്ള നപടിയെടുത്തു. ഏതാനും ആഴ്ചയ്ക്കുള്ളിൽ അതു പൂർത്തിയാകും. കമ്പ്യൂട്ടർ ഡിസൈനിംഗ് കൈത്തറി മേഖലയിൽ വ്യാപകമാക്കും. ടെക്സ്റ്റൈൽ നവീകരണം വരുമ്പോൾ കൈത്തറിക്കും മറ്റും ആവശ്യമായ ഉൽപ്പന്നങ്ങൾ അതിന്റെ തരം, മറ്റു കാര്യങ്ങൾ, എല്ലാം-എങ്ങനെ വേണമെന്നും എത്ര വേണമെന്നുമുള്ള വിവരങ്ങൾ കൈത്തറി മേഖലയിലെ നേതാക്കളോടും അവരുടെ കമ്മിറ്റിയോടും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതു ലഭിച്ചാൽ അതുകൂടി വച്ചുകൊണ്ട് ടെക്സ്റ്റൈൽ നവീകരണം നടത്തുമ്പോൾ അതിനു പ്രധാനമായ പ്രാമുഖ്യം നൽകും. കൈത്തറിക്ക് ആവശ്യമുള്ള നൂലുണ്ടാക്കി ഞങ്ങൾ വിതരണം ചെയ്യും. അതുപോലെ കണ്ണൂരിലെ ഡിസൈൻ യൂണിറ്റ് ശക്തിപ്പെടുത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അവിടേയും പുതിയപുതിയ ഡിസൈൻ ഉണ്ടാക്കുന്നതിനുള്ള നടപടികൾ വിവിധ മേഖലകളിൽ നടന്നുവരുന്നുണ്ട്. ഒരു മേഖലയും ഞങ്ങൾ വെറുതെ വിട്ടിട്ടില്ല. എല്ലാമേഖലകളും സമഗ്രമായി പഠിച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

## കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും "ചേരി പരിഷ്കരണം"

3 (*563) ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എ. കണാരൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ചേരി പരിഷ്കരണത്തിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നഗരങ്ങളിലേയും മുനിസിപ്പാലിറ്റികളിലേയും ചേരികളിൽ ഫ്ളാറ്റുകൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചേരികളിലെ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ചേരി പരിഷ്കരണത്തിനുവേണ്ടി ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇതിനുവേണ്ടി എന്തെല്ലാം പ്രൊപ്പോസലുകളാണ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ,

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ ചേരി പരിഷ്കരണത്തിനുവേണ്ടി താഴെപറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

1. നഗര ചേരിപരിഷ്കരണ പരിപാടി.
2. സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ (പ്രത്യേക ഘടക പദ്ധതി).
3. ദേശീയ ചേരി വികസന പരിപാടി.

ഇതിൽ ആദ്യത്തെ പരിപാടി '97-98 മുതൽ നിർത്തലാക്കിയിട്ടുണ്ട്. രണ്ടാമത്തെ പദ്ധതി, വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു. കേന്ദ്ര ധനസഹായത്തോടെ ദേശീയ ചേരിവികസനപദ്ധതി എല്ലാ നഗരസഭകളിലും ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ നഗരസഭകളോട് പദ്ധതി വിഹിതത്തിന്റെ 5 ശതമാനത്തിൽ കുറയാത്ത തുക ചേരിപ്രദേശങ്ങളുടെ വികസനത്തിന് നീക്കിവയ്ക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ചേരി നിവാസികളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളാണ് പ്രധാനമായും നടപ്പിലാക്കിയിരുന്നത്. ചേരിപ്രദേശങ്ങളിൽ ജലവിതരണം മെച്ചപ്പെടുത്തുക, അഴുക്കുചാലുകൾ നിർമ്മിക്കുക, പൊതു കക്കൂസുകളും ടോയ്ലറ്റ് സൗകര്യങ്ങളും വർദ്ധിപ്പിക്കുക, വ്യക്തികൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക, പുതിയ പാതകൾ നിർമ്മിക്കുകയും നിലവിലുള്ളവ വീതികൂട്ടുകയും ചെയ്യുക, നടപ്പാതകൾ, കലുങ്കുകൾ എന്നിവ നിർമ്മിക്കുക അനൗപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ പദ്ധതികളാണ് ചേരിപരിഷ്കരണ പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്.

ദേശീയ ചേരിവികസന പദ്ധതിയിൻകീഴിൽ താഴപ്പെറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(1) നഗര ദരിദ്രർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിനുവേണ്ടി ഒരു ലക്ഷം ഭവന നിർമ്മാണ പദ്ധതി ദേശീയ ചേരിവികസന പദ്ധതിയുമായി ബന്ധിപ്പിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(2) ദേശീയ ചേരിവികസനപദ്ധതി ജനകീയാസൂത്രണ പദ്ധതിയുമായി സംയോജിപ്പിച്ചും ഭവനനിർമ്മാണ പദ്ധതികൾ വിവിധ നഗരസഭകൾ നടപ്പിലാക്കി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുഴുവൻ നഗരസഭകളും ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള 'തണൽ' ഭവന നിർമ്മാണ പദ്ധതിയുമായും, കൊല്ലം, സൗത്ത് പരവൂർ എന്നീ മുനിസിപ്പാലിറ്റികൾ സമ്പൂർണ്ണ ഭവന പദ്ധതിയുമായും, മാവേലിക്കര, ചെങ്ങന്നൂർ, ആലപ്പുഴ, ചേർത്തല, ചിറ്റൂർ എന്നീ മുനിസിപ്പാലിറ്റികൾ മൈത്രീ ഭവന നിർമ്മാണ പദ്ധതിയുമായും ദേശീയ ചേരി വികസന പദ്ധതിയെ സംയോജിപ്പിച്ച് ഭവന നിർമ്മാണം നടത്തിവരുന്നു. തൃശ്ശൂർ ജില്ലയിലെ മുഴുവൻ മുനിസിപ്പാലിറ്റി



LIBRARY ARCHIVES Kerala Legislative Assembly

കളും 'സ്വാഭിമാൻ' ഭവനനിർമ്മാണ പദ്ധതിയുമായി സംയോജിപ്പിച്ച് വീടു നിർമ്മാണം നടത്തി വരുന്നു. മറ്റു മുനിസിപ്പാലിറ്റികൾ മുനിസിപ്പൽ ഫണ്ടു മായി സംയോജിപ്പിച്ച് ദേശീയ ചേരി വികസന പദ്ധതി ഫണ്ട് ഉപയോഗിച്ച് വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(3) ചേരികളിലെ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ഈ പദ്ധതിയിൻകീഴിൽ ധനസഹായം നൽകുന്നുണ്ട്.

(4) കുടിവെള്ളം, സാനിട്ടറി കക്കൂസ്, ഓട, ചെറിയ പാലങ്ങൾ, കലുങ്കുകൾ, വഴിവിളക്കുകൾ, ഗാർഹിക വൈദ്യുതീകരണം, ലൈബ്രറി, പൊതു കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാം സംബന്ധിച്ച പ്രവൃത്തികളും ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്നുണ്ട്. ഇതിനുപറമേ ബ്രിട്ടീഷ് സർക്കാ രിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന നഗര ദാരിദ്ര്യലഘൂകരണ പദ്ധതി പ്രകാരം കൊച്ചി നഗരത്തിലെ ചേരിപ്രദേശങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ചേരി നിർമ്മാർജ്ജന പദ്ധതിയിൻകീഴിൽ ചില മുനിസിപ്പാലിറ്റി കളിലും തിരുവനന്തപുരം കോർപ്പറേഷനിലും ചേരിനിവാസികളെ പുനരധിവ സിപ്പിക്കുന്നതിനുവേണ്ടി ഫ്ളാറ്റ് മാതൃകയിലുള്ള വാസഗൃഹങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

നഗരസഭകളിലെ സ്ഥലലഭ്യതയും അതതു പ്രദേശത്തിന്റെ ആവശ്യക തയും കണക്കിലെടുത്ത് ചേരികളിൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്നകാര്യം പരി ശോധിക്കുന്നുണ്ട്.

(ഡി) ചേരി പ്രദേശങ്ങളിൽ അതതുസ്ഥലത്തെ ആവശ്യം കണക്കി ലെടുത്ത് കക്കൂസുകൾ നിർമ്മിക്കുന്ന പ്രവൃത്തി അതാതു നഗരസഭകൾ ചെയ്തുവരുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയിൻകീഴിൽ ആവശ്യക്കാർക്ക് കക്കൂസ് അനുവദിച്ചു നൽകുന്ന പദ്ധതി നിലവിലുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ എസ്.സി.പി., ടി.എസ്.പി. പദ്ധതികൾക്കായി നീക്കിവച്ചി ട്ടുള്ള തുകയിൽനിന്നും ചേരി പ്രദേശങ്ങളിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കു ന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ദേശീയ ചേരിവികസന പദ്ധതി അനു സരിച്ച് കക്കൂസ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനു പറമേ ഒരു ലക്ഷം ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് അനുവദിക്കുന്ന വീടുകൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നുണ്ട്.

(ഇ)&(എഫ്) ചേരി പരിഷ്കരണത്തിനുവേണ്ടി ലോകബാങ്കിന്റെ ധന സഹായത്തോടെ പദ്ധതിയൊന്നും നടപ്പിലാക്കാൻ തൽക്കാലം ഉദ്ദേശിക്കു ന്നില്ല.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : ഏതെല്ലാം മുൻസിപ്പാലിറ്റികളിലാണ് ലോക ബാങ്കിന്റെ സഹായത്തോടുകൂടി ചേരിപരിഷ്കരണ പദ്ധതികൾ തയ്യാറാക്കിയി ട്ടുള്ളത്; വൈപ്പിൻ മേഖലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ആലോ ചനയുണ്ടോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : ലോകബാങ്കിന്റെ സഹായത്തോടുകൂടി അത്തരം പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : ചേരി പ്രദേശങ്ങളിലെ മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഡ്രെയിനേജുകൾ പുതുക്കിപ്പണിയുന്നതിനുള്ള നപടികൾ ആരംഭിക്കാൻ കഴി യുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : ചേരിപ്രദേശങ്ങളിൽ മാത്രമല്ല, കേരളത്തിൽ വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടും, അതുപോലെതന്നെ കക്കൂസില്ലാത്ത എല്ലാ വീടുകളിലും കക്കൂസും നിർമ്മിച്ചു കൊടുക്കുന്നതിനുവേണ്ടിയുള്ള ബൃഹത്തായ ഒരു പദ്ധതിയാണ് ജനകീയാസൂത്രണ പദ്ധതിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ചേരിപ്രദേശങ്ങളിൽ അധിവസിക്കുന്ന ആളുകൾക്ക് അവിടെത്തന്നെ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുമുണ്ട്. അവരെ മാറ്റിത്താമസിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുമുണ്ട്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : ചേരിപരിഷ്കരണമല്ല, വികസനമല്ല, ചേരിനിർമ്മാർജ്ജനമാണ് ആത്യന്തികമായി ലക്ഷ്യം വയ്ക്കേണ്ടത്. നഗരങ്ങളിലായാലും ഗ്രാമങ്ങളിലായാലും കോളനിവൽക്കരണം പലതരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കും പ്രവണതകൾക്കും പ്രോത്സാഹനമായി ഭവിക്കാറുണ്ട്. സാധുക്കളായ ചേരിനിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയുടെ ഭാഗമാക്കി മാറ്റാൻ അവരുടെ ആവാസസ്ഥാനങ്ങളുടെ ഘടനയിലും മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ തൊട്ടടുത്ത് സൗകര്യപ്രദമായിട്ടുള്ള സ്ഥലം കണ്ടെത്തി അവിടേയ്ക്കുമാറ്റി വീടുനിർമ്മിച്ച് ബാക്കി സൗകര്യങ്ങളെല്ലാം ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി പല തദ്ദേശസ്ഥാപനങ്ങളും ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. ചില പ്രദേശങ്ങളിൽ മാറ്റിത്താമസിപ്പിക്കാൻ സാധിക്കാത്തയിടത്ത് അത്തരം പ്രദേശങ്ങളിൽ അവിടെത്തന്നെ പരമാവധി സൗകര്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : അഴുക്കുചാലിന്റെ വക്കത്ത് ജീവിക്കാനും ഓടവെള്ളം കുടിച്ച് ദാഹമടക്കാനും പ്രത്യേക പരിചരണം കൂടാതെ അനാഥരെപ്പോലെ കഴിഞ്ഞുകൂടുന്ന ചേരിവാസികളായ കുഞ്ഞുങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ ശ്രദ്ധിക്കാൻ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ചേരിപ്രദേശത്ത് സൗകര്യം വർദ്ധിപ്പിക്കുന്ന പദ്ധതി ഏതെങ്കിലും ഒരു പ്രത്യേക ആവശ്യം നിർവ്വഹിക്കുക എന്നുള്ളതല്ല. ബഹു. മെമ്പർ സൂചിപ്പിച്ചിട്ടുള്ളതുപോലെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ ആവശ്യമായ എല്ലാ കാര്യങ്ങളും ഒരുമിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് പ്രവർത്തിക്കുന്നത്.

ശ്രീ. എ. അലി ഹസ്സൻ : ചേരിപ്രദേശങ്ങളിലാണ് സാംക്രമിക രോഗങ്ങൾ അതിവേഗം പടർന്നുപിടിക്കുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരോഗ്യസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സാംക്രമിക രോഗം പടരുന്നതിന്റെ ഒരു പ്രധാനകാരണം ശുചിത്വമില്ലായ്മയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം കക്കൂസ്, മലിനമായിട്ടുള്ള വെള്ളം ഇതെല്ലാമാണ്. അതുകൊണ്ടുതന്നെയാണ്, ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ ഇവരെ അധിവസിപ്പിക്കുന്ന പ്രദേശത്ത് ശുദ്ധജലം ലഭ്യമാക്കാനുള്ള പദ്ധതി അതിന്റെ കൂടെയുണ്ട്. എല്ലാവീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയുണ്ട്. അതുപോലെതന്നെ അഴുക്കുവെള്ളം കെട്ടിനിൽക്കാതെ ആ പ്രദേശത്തുള്ള

ആളുകൾക്ക് സൗകര്യപ്രദമായുള്ള രീതിയിൽ അതിൽനിന്നു സംരക്ഷിക്കാനാവശ്യമായിട്ടുള്ള നിർദ്ദേശവും അതിനകത്തുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : ചേരിപ്രദേശത്ത് സ്വന്തം ഭൂമിയിൽ അല്ലാതെ താമസിക്കുന്ന ആളുകൾക്ക് കൈവശഭൂമി പതിച്ചുകൊടുക്കുന്നതിനോ അല്ലെങ്കിൽ പുനരധിവസിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അതേ സംബന്ധിച്ച് കുറച്ചുമുമ്പ് റവന്യൂ മന്ത്രി ഇവിടെ വിശദീകരിച്ചു. തൽക്കാലം അവർക്ക് കൈവശരേഖ കൊടുത്ത് റേഷൻ കാർഡും മറ്റു സൗകര്യങ്ങളുമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടി ഇപ്പോൾ സ്വീകരിച്ചുവരുന്നു. ശരിയായ രീതിയിലുള്ള പട്ടയം കിട്ടുന്നതിന് മറ്റു പല പ്രശ്നങ്ങളുമുള്ളതുകൊണ്ട് അതു പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ശ്രീ. വി.കെ. ചന്ദ്രൻ : നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്നവർക്ക് കുടിവെള്ളം ആവശ്യത്തിനു കിട്ടാത്ത പ്രശ്നം ഉണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : നഗരങ്ങളിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലടക്കം കുടിവെള്ളപ്രശ്നം വളരെ രൂക്ഷമാണ്. അതു മനസ്സിലാക്കിക്കൊണ്ടുതന്നെ ജനകീയാസൂത്രണ വികസന പ്രവർത്തനത്തിൽ ഏറ്റവുമധികം പ്രാധാന്യം കൊടുത്തിട്ടുള്ള രണ്ടുമൂന്ന് ഇനങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നുള്ളതിന് സ്ഥാനം കൊടുത്ത് അതിന്റെ അടിസ്ഥാനത്തിൽ മിക്ക നഗരസഭകളും പദ്ധതികൾ കുറേയെണ്ണം ഇപ്പോൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കുറേയെണ്ണം പ്രവർത്തനത്തിലാണ്. അവശേഷിക്കുന്ന ആവശ്യങ്ങൾകൂടി നിർവ്വഹിക്കത്തക്കവണ്ണം അടുത്ത പദ്ധതിയിൽ പണം വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. വി.കെ. ചന്ദ്രൻ : സംസ്ഥാനത്ത് മൂന്ന് കോർപ്പറേഷനുകളിലും ചില മുനിസിപ്പാലിറ്റികളിലും കടലോരത്ത് കൂടിൽ കെട്ടി താമസിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. ഇത്തരം ആളുകൾക്ക് വീടുണ്ടാക്കുന്നതിന് തീരദേശസംരക്ഷണ നിയമം തടസ്സം സൃഷ്ടിക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തിരനടപടി കൈക്കൊള്ളുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള പ്രശ്നം വളരെ ശരിയാണ്. അതിന്റെ വിഷമത കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ ഫലമായിട്ട് കേരളത്തിന്റെ പ്രത്യേകത മനസ്സിലാക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ വയ്ക്കുകയും അവരിവിടെവന്ന് അതിനെ സംബന്ധിച്ച് സമഗ്രമായി പരിശോധിച്ച് കേരളത്തിലെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കി ഒരു റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് കൊടുക്കുകയും ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചില വിട്ടുവീഴ്ചകളുണ്ടാകും, സഹായകരമായിട്ടുള്ള നിലപാട് ഉണ്ടാകും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ചേരി നിർമ്മാർജ്ജനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലപരിപാടികളും നടത്തുന്നുണ്ടെങ്കിലും ചേരികളിൽനിന്ന് പുനരധിവാസത്തിന് പരിപാടിയുണ്ടെങ്കിലും അവർ പോകാൻ വിസമ്മതിക്കുകയും പോയവർക്കു പകരം പുതിയ ആളുകൾ വരികയും ചെയ്യുന്ന പ്രക്രിയ സ്വതവേയുണ്ട്. അതുകൊണ്ട് ചേരികളിൽ പ്രത്യേകിച്ചും പ്രധാനപ്പെട്ട മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും ഉള്ള ചേരി നിവാ

LIBRARY ARCHIVES Kerala Legislative Assembly

സികളെപ്പറ്റിയുള്ള സമഗ്രമായ ഒരു സർവ്വേ നടത്തി സമയബന്ധിതമായി വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് അവരെ പുനഃരധിവസിപ്പിക്കാനുള്ള സമഗ്ര പദ്ധതിക്ക് രൂപം കൊടുക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾ ബഹു. മെമ്പർ പറഞ്ഞിട്ടുള്ളതുപോലെ തന്നെ ആ സ്ഥലം വിട്ടു പോകാൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടുതന്നെ താമസിക്കുന്ന പ്രദേശത്ത് പരമാവധി സൗകര്യങ്ങൾ കൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് പല യിടത്തും ഇപ്പോൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. എന്താണ് അതിന്റെ മറ്റ് വശങ്ങൾ എന്നതിനെപ്പറ്റി ആവശ്യമാണെങ്കിൽ അത്തരത്തിലു ള്ളൊരു പരിശോധന നമുക്ക് നടത്താം.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : കൊച്ചി നഗരസഭയിൽ ചേരി നിർമ്മാർജ്ജനവും പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതി ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി ഇപ്പോൾ എത്രകണ്ട് വിജയകരമായിട്ടുണ്ട്; ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അവലോകനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ എന്നു പറ യുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : സർ, ഇടക്കാലത്ത് അതിന്റെ പ്രവർത്തനം കുറച്ചു മന്ദഗതിയിലായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ അധികൃതരുമായിട്ട് ചർച്ചനടത്തി. ആ പ്രവർത്തനത്തിനു വേഗത കൂട്ടാനും ആ ഫണ്ട് തക്കസമത്തുതന്നെ ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. പാലോട് രവി</u> : ചേരി നിവാസികളെ മാറ്റിത്താമസിപ്പിക്കുന്ന തണൽ പദ്ധതിയിലാണ് പരിപാടി ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്നുപറഞ്ഞു. തണൽ പദ്ധതിയനുസരിച്ച് രണ്ടാം ഗഡു പൂർണ്ണമായും ത്രിതലപഞ്ചായത്തുക ളുടെ പദ്ധതിക്കുവേണ്ടി മാറ്റിവച്ചു. ഹഡ്കോ പിൻമാറിയതിനെത്തുടർന്ന് ഈ പദ്ധതിയിൽ അടിസ്ഥാനം കെട്ടിക്കഴിഞ്ഞതിനുശേഷം കൊടുക്കുന്ന പണം കൊടുക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതി ഉണ്ടായിട്ടുണ്ട്. അത് ചേരി നിവാസി കളേയും ബാധിക്കും. ഇപ്പോഴുണ്ടായ സാമ്പത്തിക മാന്ദ്യം ഇല്ലാതാക്കി അടി യന്തിരമായി ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് കൃത്യമായി അവർക്കു കൊടുക്കാമെന്നുപറഞ്ഞ രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുക്കൾ കൊടു ക്കാൻ ചേരിനിവാസികളുടെ പ്രശ്നം ആയതുകൊണ്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച്-അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ഹഡ്കോ പിൻമാറിയെങ്കിലും അതി നാവശ്യമായിട്ടുള്ള ഫണ്ട് സഹകരണ ബാങ്ക് മുഖേന കൊടുക്കാൻ തീരുമാന മെടുത്തു നടപ്പാക്കി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിട ത്തോളം അതിന്റെ ഫണ്ടിന്റെ രണ്ടാമത്തെ ഗഡു കൊടുക്കുന്നതിനുവേണ്ടി യുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ആ പ്രശ്നം വരില്ല.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ കൗൺസിലർമാർ രണ്ട് ചേരിയായിട്ട് കഴിഞ്ഞ 12 ദിവസമായി മുനിസിപ്പാലിറ്റി യുടെ മുമ്പിൽ സമരം നടക്കുകയാണ്. അതിനെ സംബന്ധിച്ച് ബഹു. മന്ത്രി യുടെ ശ്രദ്ധയിൽപ്പെടാൻവേണ്ടി ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ഇതു സംബന്ധിച്ച് ഒരു അന്വേഷണം നടത്തുന്നതിനുള്ള ഉത്തരവാദിത്വമെങ്കിലും ബഹുമാനപ്പെട്ട ഗവൺമെന്റിനില്ലേ? അക്കാര്യത്തിന് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അത് ഒരു അന്വേഷണം കൂടാതെ തന്നെ ബോധ്യപ്പെടുന്ന കാര്യമാണ്. മലപ്പുറം ജില്ലയിൽ ഭൂരിപക്ഷം തദ്ദേശ ഭരണസ്ഥാപനങ്ങളും താങ്കളുടെ പാർട്ടിയാണെന്നുള്ളത് വസ്തുതയാണല്ലോ. അവിടെ ജയിച്ചിട്ടുള്ള പ്രതിപക്ഷ വാർഡുകളിൽ ചില്ലിക്കാശ് ചെലവഴിക്കുന്നില്ല എന്നുള്ള വസ്തുത എന്നെക്കാളധികം താങ്കൾക്കറിയാമല്ലോ. അതുകൊണ്ട് ..... (ബഹളം) ..... ആ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണയല്ല ഏതു പഞ്ചായത്തിനെ സംബന്ധിച്ചും കേരളത്തിലുള്ള 214 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് കൊടുത്തിട്ടുള്ള നിർദ്ദേശമനുസരിച്ച്, ആ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വിവിധ വാർഡുകളിൽ ഏത് രാഷ്ട്രീയ പാർട്ടി ജയിച്ചു എന്നുള്ളതല്ല, ഗവൺമെന്റ് കൊടുക്കുന്ന ഫണ്ട് ആ പ്രദേശത്തുള്ള ജനങ്ങളുടെ വികസനത്തിനുവേണ്ടി ചെലവഴിക്കാനുള്ളതാണ്. ആ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കണം. വിവേചനം പാടില്ലെന്നാണ് ഗവൺമെന്റ് പറഞ്ഞത്. അതിൽനിന്ന് വ്യത്യസ്തമായ കാര്യങ്ങൾ എന്റെ ശ്രദ്ധയിൽവരുന്നതു പരിശോധിച്ചിട്ടുണ്ട്. തെറ്റ് കണ്ടിടത്ത് തിരുത്താനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്.

*(ചോദ്യോത്തരസമയം കഴിഞ്ഞു)*

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

### ലക്ഷംവീടുകൾക്ക് പട്ടയം

**4 (*560)** ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനിയും പട്ടയം ലഭിക്കുവാനുള്ള എത്ര ലക്ഷം വീടുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഓരോ താലൂക്കിലും എത്രവീതമുണ്ടെന്ന് അറിയിക്കുമോ;

(സി) അവയ്ക്ക് പട്ടയം കൊടുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്. സംസ്ഥാനത്ത് ലക്ഷംവീട് പദ്ധതിയിൽ ഇനി 1503 വീടുകൾക്ക് പട്ടയം നൽകുവാനുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്. അവശേഷിക്കുന്ന ലക്ഷംവീടുകൾക്ക് ഉടൻ പട്ടയം നൽകുന്നതിന് ഉള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly